12.08.2023

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA


Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-12/08/2023.

1. 2023 വർഷത്തെ ഓണ വിപണികൾ ഓഗസ്റ്റ് മാസം 25, 26, 27, 28 തീയതികളിലായി സംഘടിപ്പിക്കുന്നു. കൃഷിവകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുടെ സഹകരണത്തോടെ 2000 ഓണവിപണികളാണ് ഈ വർഷം ഓണത്തോടനുബന്ധിച്ച് സംഘടിപ്പിക്കുക.

2. കാർഷിക മേഖലയിൽ ചെലവുകുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (കാർഷിക യന്ത്ര വൽക്കരണ ഉപ പദ്ധതി SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക - യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര വിളസംസ്കരണം വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഈ പദ്ധതിയിൽ അംഗമാകുന്നതിന് http://agrimachinery.nic.in/index എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. 2023 2024 - സാമ്പത്തിക വർഷത്തിലെ വ്യക്തിഗത ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓൺലൈൻ ആയി ഈ പോർട്ടലിൽ 01.08.2023 മുതൽ നൽകാവുന്നതാണ്. കാർഷിക യന്ത്രവൽക്കരണ പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷി ഭവനുമായോ 0471 2306748, 0477 2266084, 0495 2725354 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കോളേജ് ഓഫ് കോ-ഓപ്പറേഷൻ ബാങ്കിംഗ് & മാനേജ്മെന്റിൽ 2023-24 അധ്യയനവർഷത്തെ എംബിഎ (അഗ്രി. ബിസിനസ് മാനേജ്മെൻറ്) കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള പ്രവേശനത്തിനായി പുനർവിജ്ഞാപനം പുറപ്പെടുവിച്ചു. കൂടുതൽ വിവരങ്ങൾക്ക് സർവ്വകലാശാലയുടെ വെബ്സൈറ്റ് www.admissions.kau.in സന്ദർശിക്കുക അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 14

4. കാർഷിക സർവകലാശാല കാർഷിക കോളേജിൽ അസോസ്പൈറില്ലം, അസറ്റോബാക്ടർ റൈസോബിയം, മൈക്കോറൈസ, പി.എസ്.ബി തുടങ്ങിയ ജൈവ വളങ്ങളും ട്രൈക്കോഡർമ സ്യൂഡോമോണാസ് തുടങ്ങിയ ജൈവ കീടനാശിനികളും വിൽപ്പനക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ:0487 2438674

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ -പഠന കേന്ദ്രം "സമ്പന്ന മാലിന്യം" എന്ന വിഷയത്തിൽ നടപ്പിലാക്കി വരുന്ന മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള പുതിയ ബാച്ച് ഓഗസ്റ്റ് 18 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് ഇതിലെ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. താൽപ്പര്യമുള്ളവർ ഓഗസ്റ്റ് 17 നകം ഈ കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഓഗസ്റ്റ് 18 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

6. പോത്തൻകോട് കൃഷിഭവനിൽ അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ സബ്‌സിഡി നിരക്കിൽ വിതരണത്തിനായി എത്തിയിട്ടുണ്ട്. ആവശ്യമുള്ള കർഷകർ 9447003709 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

7. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ മരത്തിന്റെ ശിഖരങ്ങൾ മുറിച്ചുമാറ്റിയ തടി കഷണങ്ങൾ ഈ മാസം 16 ന് പകൽ 11 മണിക്ക് ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു. ഏതെങ്കിലും കാരണവശാൽ ലേലദിവസം അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ലേലം നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2732962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

8. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **കാട വളർത്തൽ** എന്ന വിഷയത്തിൽ ഈ മാസം 17ന് (17/08/2023) രാവിലെ 10.00 മുതൽ 5.00 മണി പരിശീലനം

ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491– 2815454, 9188522713 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരേണ്ടതാണ്.

9. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന മണ്ണുത്തി, കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ **''ചിപ്പികൂൺ കൃഷി ആരോഗ്യത്തിനും ആദായത്തിനും''** എന്ന വിഷയത്തിൽ ഈ മാസം 24 ന് (24.08.2023) കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തിയിൽ വെച്ച് പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ കർഷകർക്ക് ആദായകരമായ രീതിയിൽ എങ്ങനെ ശാസ്ത്രീയമായി ചിപ്പി കൂൺ കൃഷി ചെയ്യാം എന്നതിനെപ്പറ്റി വിദഗ്ദ്ധോപദേശവും സാങ്കേതിക പരിശീലനവും നൽകുന്നു. രജിസട്രേഷൻ ഫീസ് 350/- രൂപ. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 0487 2370051 ഫോൺ നമ്പറിൽ ഈ മാസം 21 ന് (21.08.2023) മുമ്പായി ബന്ധപ്പെടുക.

10. കേരള വെറ്ററിനറി സർവ്വകലാശാലയുടെ മണ്ണുത്തി മീറ്റ് ടെക്നോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ **മീറ്റ് പ്രോസസിംഗ് കം പ്ലാന്റ് ഓപ്പറേഷൻ, ഹോൾസം മീറ്റ് പ്രൊഡക്ഷൻ ആന്റ് മീറ്റ് പ്രോസസിംഗ്, മീറ്റ് പ്ളാന്റ് ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്** എന്നിവയിൽ പ്രയോഗിക പരിശീലനം നൽകുന്നു. 2 വർഷം ദൈർഘ്യമുളള മീറ്റ് പ്രോസസിംഗ് കം പ്ലാന്റ് ഓപ്പറേഷന് വിദ്യാഭ്യാസയോഗ്യത വി.എച്ച്.എസ്സ്.ഇ, ലൈവ്സ്റ്റോക്ക്മാനേജ്മെന്റ് -ഡയറിഹസ്ബന്ററി/ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് -പോൾട്രി ഹസ്ബന്ററി, സർട്ടിഫിക്കറ്റ് ഇൻ കാനിംഗ് ആന്റ് ഫുഡ് പ്രിസർവേഷൻ. ഒരു വർഷം ദൈർഘ്യമുളള ഹോൾസം മീറ്റ് പ്രൊഡക്ഷൻ ആന്റ് മീറ്റ് പ്രോസസിംഗിന് വിദ്യാഭ്യാസയോഗ്യത വി.എച്ച്.എസ്സ്.ഇ, ലൈവ്സ്റ്റോക്ക്മാനേജ്മെന്റ്-ഡയറിഹസ്ബന്ററി/ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് -പോൾട്രി ഹസ്ബന്ററി. ഒരു വർഷം ദൈർഘ്യമുളള മീറ്റ് പ്ളാന്റ് ഓപ്പറേഷൻ ആന്റ് മെയിന്റനൻസിന് വിദ്യാഭ്യാസയോഗ്യത ഐ.ടി ഐ/NCVT സർട്ടിഫിക്കറ്റ് കോഴ്സ് - എയർകണ്ടീഷനിംഗ് ആന്റ് റഫ്രിജറേഷൻ/ഇലക്ട്രിക്കൽ. സ്റ്റൈഫെൻഡ്രി ട്രെയ്നിങ്ങിനു താൽപര്യമുളളവർക്ക് https://forms.gle/qoie1dq8weD9589G6 ലിങ്ക് വഴി ഓൺലെനായോ അല്ലെങ്കിൽ പോസ്റ്റൽ വഴിയോ അപേക്ഷിക്കാം. വെള്ള കടലാസ്സിൽ എഴുതി തയ്യാറാക്കിയ അപേക്ഷയോടൊപ്പം പിൻ ഉൾപ്പെടെ

പൂർണ്ണമായ അഡ്രസ്സും ബന്ധപ്പെടാനുള്ള ഫോൺനമ്പർ അടങ്ങിയ ബയോഡാറ്റയും, ജനനതിയ്യതി, ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ കോപ്പിയും, 10 രൂപ. സ്റ്റാമ്പ് ഒട്ടിച്ച് സ്വന്തം മേല്വിലാസം എഴുതിയ കവറും പ്രൊഫസർ ആന്റ് ഹെഡ് , മീറ്റ് ടെക്നോളജി യൂണീറ്റ്, മണ്ണുത്തി.പി.ഒ, തൃശ്ശൂർ. 680651 എന്ന വിലാസത്തിൽ അയയ്ക്കണം. അപേക്ഷ അയയ്ക്കുന്ന കവറിന് പുറത്ത് ട്രെയിനിങ്ങിന്റെ പേരെഴുതണം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയ്യതി ആഗസ്റ്റ് 31 (31/08/2023). കൂടുതൽ വിവരങ്ങൾക്ക് - 0487 2370956, 83018 60956, 89437 84557 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

11. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 22 ന് അടുക്കളമുറ്റത്തെ കോഴി വളർത്തൽ 24 ന് ആട് വളർത്തൽ എന്നീ വിഷയങ്ങളിൽ കർഷകർക്കായി പരിശീലന പരിപാടികൾ നടത്തപ്പെടുന്നു. പരിശീലന സമയം രാവിലെ 10 മണി മുതൽ 5 മണി വരെ. മൃഗസംരക്ഷണ മേഖലയിലെ പുതു സംരംഭകർക്കും/ തുടക്കക്കാർക്കും, ചെറിയതോതിൽ മൃഗങ്ങൾ/ പക്ഷികൾ വളർത്തുന്നവർക്കുമായാണ് ഈ പരിശീലനം നടത്തപ്പെടുന്നത്. കൂടുതലായി മൃഗങ്ങൾ പക്ഷികൾ വളർത്തുന്നവർക്കായി വരും ദിവസങ്ങളിൽ പരിശീലനങ്ങൾ നടത്തുന്നതായിരിക്കും. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 0484 2950408 എന്ന നമ്പറിൽ ഓഫീസ് സമയങ്ങളിൽ 10.15 മണി മുതൽ 05.15 വരെയുള്ള സമയങ്ങളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

12. റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നടത്തുന്നു. 2023 ആഗസ്റ്റ് 14-ന് ഉച്ചകഴിഞ്ഞ് 2.30 മുതൽ വൈകിട്ട് 4.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം